വിനോദ സഞ്ചാര നയം 2012

277 (3714) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര നയം 2012-ന്റെ പ്രധാനലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ നടത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വിനോദ സഞ്ചാര നയം 2012-ന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു :

1. ഉന്നത നിലവാരമുള്ള സന്ദർശന അനുഭവം ടൂറിസ്റ്റുകൾക്ക് പ്രദാനംചെയ്യുക.
2. തദ്ദേശീയ ജനതയ്ക്ക് ടൂറിസം നൽകുന്ന ഗുണ ഗണങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനം ത്വരപ്പെടുത്തുക.
3. നിക്ഷേപസമാഹരണത്തിനുള്ള സാഹചര്യം ഒരുക്കുക.
4. കേരളത്തെ ശ്രദ്ധേയമായ ഒരു ദേശീയ അന്തർദേശീയ ബ്രാൻഡായി വിപണനം ചെയ്യുക.
5. ടൂറിസം രംഗത്തും ആതിഥേയ രംഗത്തും മെച്ചപ്പെട്ട മാനവ വിഭവശേഷി ത്വരപ്പെടുത്തുക.

(ബി) സംസ്ഥാന വിനോദസഞ്ചാര നയം 2012-ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്.*

(നക്ഷത്ര ചിഹ്നമിടാത്ത 3511, 3539, 3549, 3602, 3629, 3704, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly